പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4486 — 20/10/2011 - ൽ മറുപടിക്ക്

**പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>,, സി. മോയിൻകുട്ടി<br>,, എൻ. ഷംസുദ്ദീൻ . | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിദ്യാർത്ഥികൾ പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള ക്രിയാത്മക പ്രവർത്തനങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. വിദ്യാർത്ഥികൾ പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെ ബോധവൽക്കരണമാണ് ആവശ്യം. |
| (ബി) സ്ഥാപനങ്ങൾക്കകത്തും പുറത്തുമുള്ള അക്രമങ്ങൾ ഇല്ലാതാക്കി വിദ്യാർത്ഥി സംഘടനകൾക്കിടയിൽ സമവായവും, സൗഹൃദവും വളർത്താൻ നടപടി സ്വീകരിക്കുമോ;<br>(സി) ക്യാംപസുകളിൽ എല്ലാ വിദ്യാർത്ഥി സംഘടനകൾക്കും പ്രവർത്തിക്കുന്നതിനു സംഘടനകൾക്കിടയിൽ സമവായമുണ്ടാക്കാൻ മുൻകൈയെടുക്കുമോ;<br>(ഡി) വിദ്യാഭ്യാസ മേഖല സമാധാനപൂർണ്ണമാക്കാൻ സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ;? | (ബി) (സി) & (ഡി) വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മറവിൽ ഒരു ചെറിയ വിഭാഗം വിദ്യാർത്ഥികൾ നശീകരണ പ്രവർത്തനങ്ങളിലേക്കും അക്രമങ്ങളിലേക്കും തിരിയുന്നുണ്ട്. വിദ്യാർത്ഥിസംഘടനകൾ, അദ്ധ്യാപകസംഘടനകൾ, രാഷ്ട്രീയ കക്ഷികൾ സ്കൂൾ \| കോളേജ് അധികൃതർ, പി.ടി.എ, മാതൃ പി.ടി.എ, മാധ്യമങ്ങൾ, എല്ലാറ്റിലുമുപരിയായി പൗരസമൂഹം എന്നിവരുടെ ക്രിയാത്മക ഇടപെടലുകളിലൂടെയും ബോധവൽകരണത്തിലൂടെയും ഈവിഭാഗത്തിനെ നശീകരണത്തിന്റെയും അക്രമത്തിന്റെയും പാതയിൽ നിന്നും പിന്തിരിപ്പിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ